# പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2557 11.10.2011 ൽ മറുപടിക്ക്**

**<u>ഗ്രാമീണ റോഡുകളുടെ പുനരുദ്ധാരണം</u>**

| ചോദ്യം<br>ശ്രീമതി പി. അയിഷാ പോറ്റി | ഉത്തരം<br>ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ്<br>(മരാമത്ത്‌വകുപ്പു മന്ത്രി) |
|---|---|
| (എ) ഗ്രാമീണ റോഡുകളുടെ പുനരുദ്ധാരണത്തിനായി പദ്ധതി തയ്യാറാക്കുമോ; | (എ) വൺ ടൈം മെയിന്റനൻസ് എന്ന പദ്ധതിയിൽപ്പെടുത്തി പ്രധാനപ്പെട്ട ഗ്രാമീണ റോഡുകളുടെ പുനരുദ്ധാരണ പ്രവൃത്തികൾ നടപ്പിലാക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത പ്രവർത്തികൾ നടന്നു വരുന്നു. |
| (ബി) ജില്ലാ പഞ്ചായത്തിന്റെ അധീനതയിൽ ഉണ്ടായിരുന്ന എത്ര കിലോമീറ്റർ റോഡാണ് ഇപ്പോൾ പൊതുമരാമത്ത് വകുപ്പ് തിരിച്ചെടുത്തിട്ടുള്ളത്; | (ബി) ഏകദേശം 8750 കി.മീ. റോഡുകൾ പൊതുമരാമത്ത് വകുപ്പിലേക്ക് തിരിച്ചെടുക്കുവാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. നടപടിക്രമങ്ങൾ പൂർത്തിയായിട്ടില്ല. |
| (സി) കൊല്ലം ജില്ലയിൽ ഇപ്രകാരം എത്ര കിലോമീറ്റർ റോഡ് തിരിച്ചെടുത്തിട്ടുണ്ട്; | (സി) കൊല്ലം ജില്ലയിലെ തിരിച്ചെടുക്കാനുള്ള റോഡുകളുടെ പട്ടിക തയ്യാറാക്കി വരുന്നതേയുള്ളൂ. അന്തിമ തീരുമാനമായിട്ടില്ല. |
| (ഡി) പ്രസ്തുത റോഡുകളുടെ പുനരുദ്ധാരണത്തിന് പി.ഡബ്ല്യൂഡി തയ്യാറാക്കിയിട്ടുള്ള പദ്ധതി എന്താണ് ? | (ഡി) പൊതുമരാമത്ത് വകുപ്പിലേയ്ക്ക് റോഡുകളുടെ ഏറ്റെടുക്കൽ നടപടിക്രമങ്ങൾ പൂർത്തിയായാൽ മാത്രമേ പുനരുദ്ധാരണത്തിന് ആവശ്യമായ പദ്ധതികൾ തയ്യാറാക്കുന്നതിന് സാധിക്കുകയുള്ളൂ |

സെക്ഷൻ ഓഫീസർ